**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4299** **06-03-2023 - ൽ മറുപടിയ്ക്ക്**

**ജി.എസ്.ടി. കോംപൻസേഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | ജി.എസ്.ടി. കോംപൻസേഷൻ അനുവദിക്കുന്നതിനുള്ള അടിസ്ഥാന വർഷമായ 2015-16 ആസ്പദമാക്കി കോംപൻസേഷൻ ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ കണക്കാക്കി കേന്ദ്രത്തെ അറിയിച്ച തുക എത്രയാണ്; പ്രസ്തുത തുകയുടെ ഇനം തിരിച്ചുള്ള വിശദാംശം നൽകുമോ; | (എ) | ജി.എസ്.ടി. നിലവിൽ വന്നപ്പോൾ ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 പ്രകാരം സംസ്ഥാനങ്ങൾക്കുണ്ടാകുന്ന സാമ്പത്തിക നഷ്ടം കണക്കിലെടുത്ത് 2015-16 ലെ നികുതി വരുമാനത്തിന്റെ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കിൽ അഞ്ച് വർഷത്തേക്ക് സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് വ്യവസ്ഥ ചെയ്തിരുന്നു. ഇത് 2022 ജൂൺ മാസത്തോടെ അവസാനിച്ചു. പ്രസ്തുത നിയമത്തിന്റെ വകുപ്പ് 7(2) അനുശാസിക്കുന്നപ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽകാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസ കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തിക വർഷത്തിനും ഒടുവിൽ Comptroller and Auditor General ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിന് ശേഷം ആയത് അന്തിമമായി കണക്കാക്കാനും ടി നിയമം വ്യവസ്ഥ ചെയ്യുന്നു.<br><br>ചരക്ക് സേവന നികുതി (സംസ്ഥാനങ്ങൾക്കുള്ള നഷ്ടപരിഹാരം) നിയമം, 2017 ന്റെ വകുപ്പ് 7(2) പ്രകാരം ഒരു സംസ്ഥാനത്തിന് നൽകേണ്ട നഷ്ടപരിഹാരം താൽകാലികമായി കണക്കാക്കുകയും ഓരോ രണ്ട് മാസ കാലയളവിന്റെ അവസാനം റിലീസ് ചെയ്യുകയും ചെയ്യും. എല്ലാ സാമ്പത്തിക വർഷത്തിനും ഒടുവിൽ Comptroller and Auditor General ഓഡിറ്റ് ചെയ്ത അന്തിമ വരുമാന കണക്കുകൾ ലഭിച്ചതിന് ശേഷം ആയത് അന്തിമമായി കണക്കാക്കാനുമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. അങ്ങനെ പ്രൊവിഷണലായി കണക്കാക്കിയത് പ്രകാരം സംസ്ഥാനത്തിന് 2017 ജൂലൈ മുതൽ 2022 ജൂൺ വരെ നഷ്ടപരിഹാര |

| | | | |
|---|---|---|---|
| | | | ഇനത്തിൽ ലഭിക്കാൻ ഉണ്ടായിരുന്നത് 42599.38 കോടി രൂപയാണ്. ഇതിൽ, അവസാനമായി 2023 ഫെബ്രുവരിയിൽ ലഭിച്ച 780 കോടി രൂപ ഉൾപ്പെടെ, 42558.72 കോടി രൂപ ഇതുവരെ ലഭിച്ചിട്ടുണ്ട്. |
| (ബി) | ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷം 2017-18 മുതൽ 2022-23 വരെ ജി.എസ്.ടി. യിൽ നിന്നുള്ള (കോമ്പൻസേഷൻ ഒഴികെ) വരുമാനം വർഷം തിരിച്ച് ലഭ്യമാക്കുമോ; എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി., അഡ്ഹോക് സെറ്റിൽമെന്റ് എന്നിവയുടെ വളർച്ച ആകെ വരുമാനത്തിന്റെ എത്ര ശതമാനമാണെന്ന് പ്രസ്തുത സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ഇനം തിരിച്ച് ലഭ്യമാക്കുമോ? | (ബി) | ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷം 2017-18 മുതൽ 2022-23 വരെ ജി.എസ്.ടി. യിൽ നിന്നുള്ള വരുമാനം, എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി., അഡ്ഹോക് സെറ്റിൽമെന്റ്, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന നികുതി ഇനങ്ങളിൽ നിന്നുള്ള ആകെ വരുമാനം, ആകെ വരുമാനവുമായി ജി.എസ്.ടി. വരുമാനത്തിന്റെ ശതമാന കണക്ക് എന്നിവ തരംതിരിച്ച് അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

ജി.എസ്.ടി. നടപ്പിലാക്കിയതിന് ശേഷം 2017-18 മുതൽ 2022-23 വരെ ജി.എസ്.ടി. യിൽ നിന്നുള്ള വരുമാനം, എസ്.ജി.എസ്.ടി., ഐ.ജി.എസ്.ടി., അഡ്ഹോക് സെറ്റിൽമെന്റ്, സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് കൈകാര്യം ചെയ്യുന്ന നികുതി ഇനങ്ങളിൽ നിന്നുള്ള ആകെ വരുമാനം, ആകെ വരുമാനവുമായി ജി.എസ്.ടി. വരുമാനത്തിന്റെ ശതമാന കണക്ക് എന്നിവയുടെ വിവരം

(In Crore)

| F.Y | SGST (Certified by Finance Dept, GOK) | IGST utilized for payment of SGST | Ad-hoc settlement | Total GST Revenue | Total Collection (GST+ Non GST) | % |
|---|---|---|---|---|---|---|
| 2017-18 | 5399.11 | 6064.97 | 736.00 | 12200.08 | 36147.70 | 33.75 |
| 2018-19 | 8269.92 | 10114.93 | 2734.36 | 21119.21 | 40537.90 | 52.10 |
| 2019-20 | 9453.21 | 9926.19 | 693.52 | 20072.92 | 39728.30 | 50.53 |
| 2020-21 | 8337.35 | 9343.07 | 1596.11 | 19276.53 | 37391.80 | 51.55 |
| 2021-22 | 9887.02 | 12440.48 | 1657.79 | 23985.29 | 46454.70 | 51.63 |
| 2022-23 (upto Feb 2023) | 11233.04 | 14582.71 | 1028.23 | 26843.98 | 49459.50 | 54.27 |

സെക്ഷൻ ഓഫീസർ